(ബി) ആരെയെങ്കിലും ശല്യമായി പ്രഖ്യാപിക്കുവാൻ പഞ്ചായത്തുകൾക്ക് നിയമപരമായ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയമവിരുദ്ധമായ നടപടിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ശ്രീമതി വിജിതയ്ക്കെതിരെ എടുത്ത തീരുമാനം ഓംബുഡ്സ്മാന് റഫർ ചെയ്തതുവരെ നിർത്തിവയ്ക്കാൻ സർക്കാർ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് നോട്ടിന്റെ അടിസ്ഥാനത്തിൽ 10-4-2015-ലെ പഞ്ചായത്ത് സമിതി പ്രസ്തുത തീരുമാനം റദ്ദുചെയ്തിട്ടുണ്ട്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരാളെ ശല്യമായി പ്രഖ്യാപിക്കാൻ അവകാശം നൽകിയിട്ടില്ല.

സംസ്ഥാനത്തെ അംഗണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി

166 (5519) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് നിയമം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കരട് ബില്ല് തയ്യാറാക്കി മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ അനന്തര നടപടികൾക്കായി ഫയൽ നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly